## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി ഉത്തരവ്

ഹാജർ : **ഡി. സന്തോഷ് കുമാർ**

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ റേഷ്യോ പ്രകാരമുള്ള സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നീ ഗ്രേഡുകളിൽ സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. 25/03/2006-ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(കൈ)145/2006 നമ്പർ ഉത്തരവ്
2. 19/10/2007-ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(കൈ)515/2007 നമ്പർ ഉത്തരവ്
3. 26/02/2011-ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(കൈ)85/2011 നമ്പർ ഉത്തരവ്
4. 30/03/2011-ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(കൈ)143/2011 നമ്പർ ഉത്തരവ്
5. 20/01/2016-ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(കൈ)7/2016 നമ്പർ ഉത്തരവ്
6. 17/04/2013-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി2/87575/2012 നമ്പർ ഉത്തരവ്
7. 22/08/2015-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി2/47062/2015 നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ. സി2/40190/2017/ഡി.പി.ഐ. തീയതി. 01/06/2017

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ റേഷ്യോ പ്രകാരമുള്ള സ്ഥാനക്കയറ്റം 1:1:1:1 ആയി നിജപ്പെടുത്തിയിരിക്കുന്നു (സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ്-1, ഗ്രേഡ്-2). പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ 01/06/2017-ന് രണ്ട് റിട്ടയർമെന്റ് ഒഴിവ് നിലവിൽ വന്നിരിക്കുകയാണ്.

മേൽ പറഞ്ഞ സാഹചര്യത്തിൽ ഉത്തരവിന്റെ കൂടെ ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധം 1(എ)(ബി)(സി) പട്ടികയിൽ ഉൾപ്പെടുത്തിയ ജീവനക്കാരെ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നീ തസ്തികകളിൽ 1958-ലെ കെ.എസ്.എസ്.ആർ. ചട്ടം 31(എ)(1) പ്രകാരം സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ എല്ലാവരും നിലവിൽ സേവനം അനുഷ്ഠിക്കുന്ന കാര്യാലയത്തിൽ തുടരുന്നതാണ്. അനുബന്ധം (1)(എ) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ പുതിയ തസ്തികയിൽ പ്രവേശിച്ച് 1 വർഷത്തിനുള്ളിലെ 6 മാസത്തെ പരിവീക്ഷക്കാലം പൂർത്തിയാക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം 1 ചട്ടം 28എ പ്രകാരം ശമ്പളം പുനർ നിർണയിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ സമാനമായ ശമ്പള സ്കെയിലിൽ സമയ ബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ റേഷ്യോ മൂലമുണ്ടായ സ്ഥാനക്കയറ്റത്തിന് ശമ്പള നിർണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സ്ഥാനക്കയറ്റ ഉത്തരവ് ബന്ധപ്പെട്ട ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് തരംതാഴ്ത്തി ഉത്തരവാകുന്നതുമാണ്. അപ്രകാരം തരംതാഴ്ത്തേണ്ടി വരുന്ന സാഹചര്യത്തിൽ സ്ഥാനക്കയറ്റാനന്തരം അനുവദിച്ച അധിക സാമ്പത്തികാനുകൂല്യം തിരിച്ചടക്കേണ്ടതാണ്.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത ഉത്തരവുകൾ അയക്കുന്നതല്ല.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-1 തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം ഗ്രേഡ്-2 ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക അന്തിമപ്പെടുത്തുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്

Abhi 1/6/17

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ് :

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖേന)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം (ആമുഖ കത്തോടു കൂടി)
3. സൂപ്രണ്ട്, 'ഡി' സെക്ഷൻ

പകർപ്പ് :

1. ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ
2. ടെക്സ്റ്റ്ബുക്ക് ആഫീസർ, തിരുവനന്തപുരം
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക് വേണ്ടി)
5. കരുതൽ ഫയൽ

// അംഗീകാരത്തോടെ //

Sreendran

**സൂപ്രണ്ട്**

## അനുബന്ധം – 1

## 01/06/2017 – ലെ സി2/40190/2017/ഡി.പി.ഐ. നമ്പർ ഉത്തരവ്

**(എ) സീനിയർ ഗ്രേഡ് തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ പട്ടിക (ഗസറ്റഡ് തസ്തിക)**

| ക്രമ നമ്പർ | പേര്, ആഫീസ് | ജനന തീയതി | സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്വൽ അസിസ്റ്റന്റായി പ്രൊമോഷൻ ലഭിച്ച തീയതി | ശമ്പള സ്കെയിൽ | ഒഴിവുണ്ടായ രീതി |
|---|---|---|---|---|---|
| 1 | ശ്രീമതി. കെ.ആർ. രമാദേവി,<br>വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,<br>കോട്ടയം | 30/03/1968 | 01/06/2017 | 39500-83000/- | ശ്രീമതി. കെ.എസ്. സിന്ധു വിരമിച്ച ഒഴിവ് |
| 2 | ശ്രീ. എം. നാസറുദ്ദീൻ,<br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം | 25/05/1968 | 01/06/2017 | 39500-83000/- | ശ്രീ. പി.ആർ. ബാബു വിരമിച്ച ഒഴിവ് |

**(ബി) കോൺഫിഡൻഷ്വൽ അസിസ്റ്റന്റ് ഗ്രേഡ്–1 തസ്തികയിൽ നിന്നും സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ പട്ടിക (നോൺ ഗസറ്റഡ് തസ്തിക)**

| ക്രമ നമ്പർ | പേര്, ആഫീസ് | ജനന തീയതി | സീനിയർ ഗ്രേഡ് കോൺഫിഡൻഷ്വൽ അസിസ്റ്റന്റായി പ്രൊമോഷൻ ലഭിച്ച തീയതി | ശമ്പള സ്കെയിൽ | ഒഴിവുണ്ടായ രീതി |
|---|---|---|---|---|---|
| 1 | ശ്രീ. ടോണി ജോസഫ്<br>വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,<br>ഇടുക്കി | | 01/06/2017 | 30700-65400 | ശ്രീമതി. കെ.ആർ. രമാദേവിയുടെ സ്ഥാനക്കയറ്റ ഒഴിവ് |
| 2 | ശ്രീമതി. ചൈതന്യ റ്റി.,<br>സൂപ്പർചെക്ക് സെൽ (മലബാർ റീജിയൺ),<br>കോഴിക്കോട് | | 01/06/2017 | 30700-65400 | ശ്രീ. എം. നാസറുദ്ദീന്റെ സ്ഥാനക്കയറ്റ ഒഴിവ് |

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

// അംഗീകാരത്തോടെ //

Sreerendran

സൂപ്രണ്ട്

11/6/17